MAWAQ

MAniyurmuslim Welfare Association Qatar

DEC 2020

ഒരു മവാഖ് പ്രസിദ്ധീകരണം

# മവാഖ്

ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM

പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ


മർഹമയിൽ പങ്കാളികളാവുക

## അകം താളുകളിൽ


- ★ പ്രതിസന്ധികൾ അതിജീവിച്ച് ഖത്തർ
- ★ സാഹചര്യം മാറാൻ ചിന്തകൾ മാറണം – റഖീബ് തട്ടാറത്ത് – മവാഖ് സെന്റർ, കോർഡിനേറ്റർ
- ★ ആഹ്ലാദം അലതല്ലി മവാഖ് ഡേ
- ★ ഞാനറിയുന്ന മവാഖ് – കെ. സുരേഷ്ബാബു മുൻ പഞ്ചായത്ത് പ്രസിഡണ്ട്
- ★ മവാഖിന്റെ ഭൂമിക – അമ്മത് കെ.പി ഭൂട്ടോ – മവാഖ് പ്രഥമ പ്രസിഡണ്ട്
- ★ ഓൺലൈൻ പരിശീലനത്തിലെ കുരുന്നനുഭവങ്ങൾ – അബ്ദുറഹിമാൻ മാസ്റ്റർ. ടി–മവാഖ് സെന്റർ


# പ്രതിസന്ധികൾ അതിജീവിച്ച് ഖത്തർ



.✍നജ്മ റഫീഖ്.

മവാഖിന് ഖത്തർ വെറും അന്നം നൽകുന്ന നാട് അല്ല, ജന്മനാട് തന്നെയാണ്. ജന്മനാട് തന്നെ. പല മുറിവേറ്റ ഹൃദയങ്ങൾക്കും കാരുണ്യത്തിന്റെ നനുത്ത സ്പർശത്താൽ സാന്ത്വനമേകാൻ സാധിച്ചത് ഈ നാടിന്റെ കനിവ് ഒന്ന് കൊണ്ടു മാത്രമാണ്.

ചാരിറ്റി പ്രവർത്തനങ്ങളിലും ആതുര സേവനങ്ങളിലും മറ്റെവിടെത്തേക്കാളും ഒരുപടി മുന്നിൽ തന്നെയാണ് ഖത്തർ. വിദേശികൾ സ്വദേശികൾ എന്നീ രണ്ടു തട്ടുകളിൽ കാണാതെ ആതുര സേവന രംഗത്ത് ഒരേ പോലെ കാണുന്ന ഖത്തറിന്റെ മഹിമ എടുത്തു പറയാതിരിക്കാൻ വയ്യ. ആതുര സേവനങ്ങളിൽ എടുത്തു പറയേണ്ട ഒന്നാണ്. എന്റെ പ്രിയ സുഹൃത്തിന്റെ അനുഭവം. സ്വന്തം നാട്ടിൽ ആയിരുന്നുവെങ്കിൽ വീടും സ്ഥലവുമെല്ലാം വിറ്റുപോകുന്ന തരത്തിൽ രോഗപീഡനം അനുഭവിക്കുന്ന അവരുടെ സ്വന്തം മുറിയിൽ ഒരു മൊബൈൽ ICU തന്നെ ഉണ്ട്. അതും തികച്ചും സൗജന്യമായി. ഈ നാടിന്റെ നന്മകളിൽ ഒരു തുണ്ട് കൊത്തി അങ്ങ് ബഹറിന്നക്കരെ മണിയൂരെന്ന കൊച്ചുഗ്രാമത്തിന്റെ സന്തോഷങ്ങളിൽ തുന്നിച്ചേർക്കാൻ മവാഖിന്റെ പ്രവർത്തകർക്ക് എന്നും സാധിക്കട്ടെ.

ഖത്തറിന്റെ ആഘോഷ നിമിഷങ്ങളിൽ ഹൃദയം തുറന്ന് നമുക്കും പങ്കുചേരാം..

**അ**കമഴിഞ്ഞ് നൽകുന്നവനായ സർവ്വലോക രക്ഷിതാവായ പ്രപഞ്ചനാഥനാണ് സർവസ്തുതിയും എന്നതാണ് മുദ്രാവാക്യം കനിഞ്ഞുതന്നതിന് അത്രയും ഞങ്ങൾ ഇതാ സ്തുതി അർപ്പിക്കുന്നു
തുല്യത ഇല്ലാത്ത അതിജീവനത്തിന്റ രണ്ടാണ്ടുകൾക്കിപ്പുറം പ്രതീക്ഷകളുടെ പുതിയ വാതായനങ്ങൾ തുറന്നിട്ട് തന്നതിന്, ഞങ്ങളുടെ ആകാശങ്ങൾക്ക് അതിരുകളില്ലെന്ന് ഉറക്കെ വിളിച്ചുപറയാൻ കരുത്ത് തന്നതിന്, അറബിക്കടലിന് പുതിയ ദിക്കുകൾ കാണിച്ചുതന്നതിന്,, ആത്മാഭിമാനം ആർക്കുമുന്നിലും പണയം വെക്കാതിരിക്കാൻ നട്ടെല്ല് തന്നതിന്, വേട്ടയാടപ്പെടുന്നവന്റെ അരിക് ചേർന്ന് നിൽക്കാൻ ത്രാണി തന്നതിന് കഷ്ടപ്പെടുന്നവന്റെ നിലവിളികൾ കേൾക്കാൻ കാത് തന്നതിന് ഭൂപടത്തിലെ തുള്ളിയിടത്തെ ഭൂമിയോളം വളർത്തിയതിന്......കായിക ലോകത്തിന്റെ ആത്മാവിനെ ദോഹയുടെ ചൂടുള്ള മണ്ണിലേക്ക് ആവാഹിക്കാനുള്ള മന്ത്രച്ചരട് തന്നതിന്... മരണം മഴയായി പെയ്തിറങ്ങിയ മഹാമാരിയിലും ആശ്വാസത്തിന്റെ തണലുകൾ ഏകിയതിന്,,,, സുഖത്തിലും ദുഃഖത്തിലും ഒരുപോലെ ഓരം ചേർന്ന് നിൽക്കുന്ന നല്ല ജനതയെ തന്നതിന്....

ഇതുവരെ തന്നതിനും ഇനി തരാൻ ഇരിക്കുന്നതിനും എല്ലാറ്റിനും കടപ്പാട്
ജീവിതത്തിൻറെ പ്രതീക്ഷകൾ അറ്റുപോയ ലക്ഷോപലക്ഷം ജനങ്ങളെ നെഞ്ചോട്ടു ചേർത്തു പിടിച്ച് ജീവിക്കാനും സ്വപ്നം കാണാനും പഠിപ്പിച്ച രാജ്യം ഖത്തർ.

ജാതിയും മതവും വർണ്ണവും നോക്കാതെ എല്ലാവർക്കും തുല്യ അവകാശവും തുല്യ നീതിയും കൊടുത്ത നീതിമാനായ ഭരണകർത്താവ് ഷെയ്ഖ് സുൽത്താൻ അഹമ്മദിൽ നിന്നും പിൻഗാമിയായി വന്ന മകൻ ശൈഖ് സുൽത്താൻ തമീം അധികാരം ഏറ്റെടുത്തതിനു ശേഷം ഒട്ടനവധി പ്രതിസന്ധികളിലൂടെ രാജ്യം കടന്നുപോയപ്പോൾ ആ പ്രതിസന്ധികൾ ദൈവത്തിൽ മാത്രം ഭരമേൽപ്പിച്ച് ഒരു രാജ്യത്തിൻറെ മുന്നിലും അടിയറവു പറയാതെ എല്ലാം പുഞ്ചിരിയോടെ നേരിട്ട് രാജ്യത്തിൻറെ പൗരന്മാരുടെയും വിദേശ പൗരന്മാരുടെയും അവരുടെ തൊഴിൽ മേഖലകളും സമ്പദ്ഘടനയും ഭദ്രമാക്കി കൊടുക്കാൻ ആ നീതിമാനായ ഭരണ കർത്താവിന് കഴിഞ്ഞു.

മറ്റുള്ള രാജ്യങ്ങളോട് വളരെ നല്ല രീതിയിൽ ഉള്ള ബന്ധങ്ങൾ നിലനിർത്തുവാനും സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കാനും മികവുറ്റ കഴിവുള്ള ഷെയ്ക്ക് സുൽത്താൻ തമീമിനും ഞങ്ങളുടെ തൊഴിൽ മേഖലകളിലും അവകാശങ്ങൾക്കും ഞങ്ങളോടൊപ്പം നിൽക്കുന്ന ഖത്തർ പൗരന്മാർക്കും
**മവാഖിന്റെ ദേശീയ ദിനാശംസകൾ..**

MAWAQ
MAniyurmuslim Welfare Association Qatar
DEC 2020
ഒരു മവാഖ് പ്രസിദ്ധീകരണം
# മവാഖ്
ത്രൈമാസ ബുള്ളറ്റിൻ
മർഹമ
MUTUAL HELPING PROGRAM
പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ
മർഹമയിൽ പങ്കാളികളാവുക






## സാഹചര്യം മാറണമെങ്കിൽ ചിന്തകൾ മാറണം

Mawaq CareerGuidence & Information Center
**റഖീബ് തട്ടാറത്ത് -കോഡിനേറ്റർ, മവാഖ് സി. സർക്കിൾ**

കേരളത്തിനകത്തും പുറത്തുമുള്ള വിദ്യാഭ്യാസ പ്രവർത്ത കർക്ക് സുപരിചിതമായ നാലക്ഷരമാണ്. പാർശ്വവൽകൃത സമൂഹത്തിന്റെ **പിന്നോക്കാവസ്ഥ.** പഠന വിലയിരുത്തലുകൾക്ക് വിധേയമാക്കപ്പെട്ടപ്പോൾ സർക്കാർ തലത്തിലെ ഉന്നത സ്ഥാനങ്ങളിൽ അവർക്കർഹതപ്പെട്ട കസേരകൾ യോഗ്യരായവർ ഇല്ലാത്തത് കാരണം ഒഴിഞ്ഞു കിടക്കുകയാണെന്ന കണക്കുകളാണ് പറഞ്ഞ് തരുന്നത്. ലാസ്റ്റ്ഗ്രേഡ് മുതൽ സിവിൽ സർവ്വീസ് വരെ കേന്ദ്ര, സംസ്ഥാന പരീക്ഷാ ബോർഡുകൾ സമയാ സമയങ്ങളിൽ നടത്തപ്പെടുന്ന മത്സര പരീക്ഷകളിലേക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കിയാൽ മാത്രമെ മേൽ പറഞ്ഞ പിന്നോക്ക വസ്ഥക്ക് പരിഹാരമാകുയെന്ന തിരിച്ചറിവിൽ പ്രൈമറി വിദ്യാർത്ഥിക്കായി ടാലന്റ് ടീ, ഹയർ സെക്കണ്ടറി കുട്ടികൾക്ക് ടാലന്റ് പ്ലസ്, കോളേജ് തലത്തിൽ സി. സർക്കിൾ എന്നീ പദ്ധതികളിലൂടെ ഉദ്യോഗാർത്ഥികളെ മത്സര നൈപുണ്യ വഴികളികളിലെത്തിക്കുന്നതിന് സൊല്യൂഷ്യൻ ബെയ്സ്ഡ് പ്രോഗ്രാമിന് സിജി ' തുടക്കം കുറിച്ചിട്ട് നാളുകളേറെയായി

**Mawaq CareerGuidence & Information Center** (Mawaq CG&I) LSS, USS, Talent Tree, NMMS, PSC തുടങ്ങിയ സെന്ററിന്റെ തനത് പരിശീലനപരിപാടികൾക്ക് പുറമെ സിജിയുടെ സഹകരണത്തോടെ 2020 ഒക്ടോബറിൽ തുടക്കം കുറിച്ച സി–സർക്കിൾ (competency circle) psc, upsc, ssc, Rrb തുടങ്ങിയ ഏജൻസികൾ കൃത്യമായ ഇടവേളകളിൽ രാജ്യത്തെ ഗവ: സേവകരെ കണ്ടെത്താനുള്ള പരീക്ഷകളിൽ നമ്മുടെ ഗ്രാമത്തിന്റെ കൂടി പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിനായി തുടക്കം കുറിച്ച സംരഭമാണ്. സിജിയുടെ കീഴിൽ കേരളത്തിനകത്തും ഗൾഫ് നാടുകൾ ഉൾപ്പെടെയുള്ള പുറം രാജ്യത്തും  സീ സർക്കിൾ ഓൺലൈൻ പഠന സംവിധാനം വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. ഓരോ ദിവസത്തെയും പഠന മെറ്റീരിയലുകളുടെ ഓഡിയോ–വീഡിയോ വാട്സ്ആപ്പ് ഗ്രൂപ്പ് വഴി തലേദിവസം രാത്രി 10 മണിക്ക് ശേഷം അയച്ചു കൊടുക്കുന്നു

അടുത്ത ദിവസം രാത്രി എട്ടുമണിക്ക് വിദഗ്ധർ തയ്യാറാക്കുന്ന ചോദ്യങ്ങൾ ഗൂഗിൾ വഴി ഉത്തരം എഴുതുന്നതോടെ മത്സരാർത്ഥികളുടെ ഇ–മെയിലിൽ സ്കോർ പരിശോധിക്കാൻ സാധിക്കും വിധം ക്രമീകരിക്കപ്പെട്ട സംവിധാനമാണ് സി സർക്കിൾ ഒരുക്കിയിരിക്കുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക വാട്സപ്പ് ഗ്രൂപ്പുകൾ ആണ് ഉണ്ടാക്കി, ഗ്രൂപ്പിന് ഓരോ മെന്റർമാരെയും ഉൾപ്പെടുത്തി കൊടുക്കുകയും..മെൻറർ മാർ പഠിതാക്കൾക്ക് ഇടയിൽ കൃത്യമായ ഇടപെടൽ നടത്തിയും വരുന്നുണ്ട്. ഇങ്ങനെ പ്രാദേശിക ഗ്രൂപ്പ് മെമ്പർമാരെ ഉൾപ്പെടുത്തി ജില്ല, സംസ്ഥാന മെന്റേഴ്സ് ഗ്രൂപ്പുകൾ സി–സർക്കിൾ പ്രവർത്തനത്തിന്റെ ആഴ്ചയിൽ ഉള്ള വിലയിരുത്തലിനു പുറമേ മാസാന്ത അവലോകനവും നടത്തിവരുന്നു മാഖ്സീ–സർക്കിൾ ഗ്രൂപ്പിൽ 20 പഠിതാക്കൾക്ക് ഒരു മെന്റർ എന്ന തോതിൽ ഗ്രൂപ്പുകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. നൂറ്റി അറുപതോളം സ്ത്രീ–പുരുഷ സാന്നിധ്യം ഉണ്ട് എന്നത് സമൂഹത്തിൻറെ ചിന്തകൾ മാറിത്തുടങ്ങി എന്നതിന് ഉദാഹരിക്കാൻ കഴിയുന്ന വസ്തുതയാണ്. കേരളത്തിന്റെ ഭരണചക്രം കെ.എ.എസ് കാരുടെ കൈകളിലേക്ക് എത്തുന്ന സമയം അതിവിദൂരമല്ല, ബിരുദ വിദ്യാർത്ഥികൾ കേന്ദ്രസർക്കാറിന് കീഴിൽ കമ്പൈൻഡ് ഗ്രാജ്വേറ്റ് ലെവൽ പരീക്ഷാ വിജയി ആകുകയെന്നത് കാലം ആവശ്യപ്പെടുന്ന ധർമ്മമാണ്. പിഎസ് സി യുടെ ക്ലാർക്ക് പരീക്ഷ ലക്ഷകണക്കിന് പേർ എഴുതുമ്പോൾ CGLനും സമാന പരീക്ഷാർത്ഥികൾ ഉണ്ടാകുന്നു എന്നാൽ CGL എൽഡിസി യെക്കൾ നിയമനത്തിന്റെ കാര്യത്തിലും, ആനുകൂല്യത്തിലും മെച്ചമാണ് എന്നുള്ളത് വസ്തുതയാണ്

ലോകക്രമം മത്സരാധിഷ്ഠിതവും, അതിനേക്കാളുപരി വളരെ വേഗത്തിൽ മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുന്നതും ആണ്. പരമ്പരാഗത തൊഴിൽ നഷ്ടമായിക്കൊണ്ടിരിക്കുന്ന അറേബ്യൻ രാജ്യങ്ങളിൽ സ്വദേശിവൽക്കരണം ത്വരിതപ്പെടുത്തി കൊണ്ടിരിക്കുന്നു. വരേണ്യവർഗ ആസൂത്രകന്മാർ ഒളിഞ്ഞും തെളിഞ്ഞു പിന്നാക്കക്കാരനെ പിന്നിലോട്ട് വലിച്ചു കൊണ്ടുപോകാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു .......വർത്തമാനകാല വാർത്തകൾ ചിലത് മാത്രമാണ് സൂചിപ്പിച്ചത്. അഞ്ചുവർഷത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ടെമ്പററി എക്സിക്യൂട്ടീവ് നൊപ്പം **56 വയസ്സുവരെ മാന്യമായ വേതനത്തിന് സേവനം ചെയ്യാൻ കഴിയുന്ന പെർമെനൻറ് എക്സിക്യൂട്ടീവുകൾ കൂടി ഉണ്ടാകുക** എന്നത് പിന്നോക്കത്തിൽ നിന്ന് മുന്നോക്കത്തിലേക്ക് സമൂഹത്തെ എത്തിക്കുന്നതിനുള്ള പരിഹാരമാർഗം നാം കാണേണ്ടതുണ്ട്. മവാഖ് ലക്ഷ്യം വെക്കുന്നത് അതിലേക്കാണ്.

ഇന്ത്യൻ സിവിൽ സർവീസിൽ അനാഥ ബാല്യങ്ങളുടെ കഥപറയാൻ ആളുണ്ടായി എന്നുള്ളതും, ലോകോത്തര വിദ്യാലയങ്ങളുടെ അകത്തളങ്ങളിൽ മലയാള ശബ്ദം ഉയർന്നു എന്നതും ശുഭ സൂചനകളുടെ ലക്ഷണങ്ങളാണ്

ഇത്തരം ലക്ഷണങ്ങളും ചില ബോധ്യങ്ങളും  സാഹചര്യത്തെ മാറ്റാനുള്ള ചിന്തക്കെ കഴിയൂ എന്ന തത്വത്തിലാണ് എത്തിച്ചേരുന്നത്.

മനുഷ്യൻറെ ജീവിതത്തേക്കാൾ ആയുസ്സ്, “അവൻറെ വാക്കുകൾക്കും പ്രവർത്തിക്കും” ആണെന്ന് മഹത്വചനം താൻ ജീവിക്കുന്ന ഇടങ്ങളിലെ ഇടപെടലുകൾ കൊണ്ടുണ്ടാകുന്ന ‘പോസിറ്റീവ് ഇംപാക്ട്’ (ആസാർ)കൾ നാളെയുടെ ലോകത്തെമാറ്റാനുള്ള നന്മയായി ഗണിക്കപ്പെടുമെന്നത് വിശ്വാസ സമൂഹത്തിന് പ്രചോദനം നൽകുന്ന വാക്യങ്ങളാണ്

നിലനിൽക്കുമിടത്തിലും, വരും കാല സ്ഥിര സ്ഥലത്തും നല്ലത് കൊണ്ട്  കടാക്ഷിക്കണമേ ..... എന്ന തേട്ടത്തോടെ . നമുക്കൊരുമിച്ച് യാത്ര തുടരാം... ഈ ഉദ്യമത്തിലേക്ക് ഉത്ബുദ്ധാരായ മവാഖ് സമൂഹം കഠിന പരിശ്രമം നടത്തേണ്ടിയിരിക്കുന്നു.

MAWAQ
MAniyurmuslim Welfare Association Qatar


DEC
2020

ഒരു മവാഖ് പ്രസിദ്ധീകരണം
# മവാഖ്
ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM
പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ
മർഹമയിൽ പങ്കാളികളാവുക

## ആഹ്ലാദം അലതല്ലി മവാഖ് ഡേ


മവാഖ് രൂപീകരണത്തിന്റെ 19 വർഷം പൂർത്തിയാക്കി, പ്രവർത്തന പന്ഥാവിൽ പുതുചരിതം രചിച്ച് ഒക്ടോബർ 23ന് വെള്ളിയാഴ്ച പ്രൌഢഗംഭിരമായി മവാഖ് ഡേ ആഘോഷിച്ചു. കോവിഡ് മഹാമാരിയുടെ കരാളഹസ്തത്തിൽ നിന്നും ഈ നാട്ടും നമ്മുടെ നാട്ടും മെല്ലെ മെല്ലെ സന്തോഷ നിമിഷങ്ങളിലേക്ക് വഴിതുറന്ന് വരുന്ന സമയമായതുകൊണ്ടും ഈ ആഘോഷത്തിന് പത്തരമാറ്റായിരുന്നു. ഈപ്രാവിശ്യവും ലീവിന് പോവാൻ കഴിയാത്ത പ്രവാസി കൂട്ടർക്ക്, നാട്ടിലുള്ളവരുടേയും മറ്റു വിദേശത്തുള്ളവരുടേയും സൌഹൃദസംഗമങ്ങൾ അതിയായ ആഹ്ലാദമാണ് സമ്മാനിച്ചത്. വാശിയോടെ മദ്രസ തലത്തിലും മറ്റും നടന്ന വിശുദ്ധഖുർആൻ പാരായണ മത്സരങ്ങൾ ഉസ്താദുമാരിലും സഹോദരി സഹോദരന്മാരിലും മദ്രസ വിദ്യാർത്ഥി വിദ്യാർത്ഥിനികളിലും കോവിഡിന്റ അലട്ടലിൽ നിന്നും പരിശ്രമങ്ങളുടേയും പരിശീലനത്തിന്റേയും നവോന്മേഷം പകരാൻ മവാഖ് ഡേ ഹേതുവാക്കി. സിംസാറുൽഹഖ് ഹുദവിയുടെ പ്രതിസന്ധിയിലെ സാമൂഹിക പ്രവർത്തനത്തെ കുറിച്ചുള്ള പ്രഭാഷണത്തോടെ മവാഖ് ഡേ ക്ക് തുടക്കം കുറിച്ചു. “മവാഖ് എന്റെ അനുഭവങ്ങളിൽ” എന്ന വിഷയത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ ഒട്ടനവധി സഹോദരി സഹോദരന്മാരുടെയും കുട്ടികളുടേയും മറ്റു ഗുണകാംക്ഷികളുടേയും ഹൃത്തിൽ ചാലിച്ച എഴുത്തുകൾ ലഭിക്കുകയുണ്ടായി. മവാഖ് സാന്ത്വനത്തിന്റെ തെളിനീർ തീർത്ത, കാരുണ്യത്താൽ വാക്കുകളെ ചാലിച്ചെടുത്ത, കുതിർന്ന മനസ്സുകളുടെ സ്പർശം അനുഭവിക്കുന്നവയായിരുന്നു ഒട്ടുമിക്ക എഴുത്തുകളും.. ജിസിസി, നാട്, ഖത്തർ എന്നിവടെനിന്നൊക്കെ പ്രതിനധികളും സഹോദരി സഹോദരന്മാരും പങ്കെടുത്തപ്പോൾ മവാഖ് ഡേ, ഗ്ലോബൽ മീറ്റായി പരിണമിക്കുകയായിരുന്നു. ഖുർആൻ മത്സരത്തിൽ പ്രതിഭയായി തെരഞ്ഞെടുത്ത റിൻഷാദ് പി.ടി യുടെ ഖിറാഅത്തോടെ ആരംഭിച്ച ഗ്ലാബൽ മീറ്റ്, പാണക്കാട് റാഷിദലി ശിഹാബ് തങ്ങളുടെ, മവാഖിനെ ചേർത്തുപിടിച്ച വാക്കുകൾ പ്രചോദനദായകമായിരുന്നു. ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ തന്റെ സ്വതസിദ്ധമായ വാക്കിലും ശൈലിയിലും ശ്രോതാക്കളെ ഹഠാദാകർഷിപ്പിച്ചു. സിജി ജനറൽസെക്രട്ടറി Z.A അഷറഫ്, മണിയൂർ മദ്രസ മാനേജ്മെൻറ് ജ. സെക്രട്ടറി പി.കെ കെ അബ്ദുള്ള, മണിയൂർ റേഞ്ച് മുഅല്ലിം അസോ. പ്രസിഡണ്ട് കുഞ്ഞിക്കോയ ഫൈസി, കെഎൻഎം പ്രതിനിധി നസീർ മദനി, മവാഖ് സെന്റർ ചെയർമാൻ എം.പി റഷീദ് മാസ്റ്റർ, കൺവീനർ പ്രൊഫ. സലീം കെ.സി, കോർഡിനേറ്റർ അബ്ദുറഹിമാൻ മാസ്റ്റർ തിരിക്കോട്ട്, കൂടാതെ അഡ്വ. സാജിദ്അബൂബക്കർ (യുഎഇ) ഷംസീർ ചാത്തോത്ത് (സൌദി) ആദിൽ മഞ്ചയിൽ (കുവൈറ്റ്) സാജിദ് (വോക്) എന്നിവരും സംസാരിച്ചു. ഉദാത്തമായ ഉത്തരവാദിത്തമാണ് മവാഖിന് നിർവ്വഹിക്കാനുള്ളതെന്നും വരും വർഷങ്ങളിൽ കൂടുതൽ കരുത്തോടെയും ഫലപ്രദമായും ഉദ്യമങ്ങൾ നിർവ്വഹിക്കാനുണ്ടെന്ന പ്രഖ്യാപനത്തോടെ പരിപാടി സമാപനം കുറിച്ചു




മവാഖ് ഗ്ലോബൽമീറ്റ്–2019 ബഹു. പാണക്കാട് റഷീദലി ശിഹാബ് തങ്ങൾ ഉത്ഘാടനം നിർവ്വഹിക്കുന്നു.



മവാഖ് ഗ്ലോബൽമീറ്റ്–2019 അനുബന്ധ സംഗമത്തിൽ ബഹു. സിംസാറുൽ ഹഖ് ഹുദവി പ്രഭാഷണം നടത്തുന്നു.



ഖുർആൻ മത്സര വിജയികൾക്ക് മവാഖ് പ്രഥമ വൈസ് പ്രസിഡണ്ട് കെ.പി സൂഫി, ജോ.സെക്രട്ടറി ഇ.കെ മൊയ്തു എന്നിവർ മവാഖ് മെമന്റോയും ക്യാഷ്അവാർഡും വിതരണം നടത്തുന്നു.



MAWAQ
MAniyurmuslim Welfare Association Qatar
DEC 2020
ഒരു മവാഖ് പ്രസിദ്ധീകരണം

# മവാഖ്

ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM
പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ
മർഹമയിൽ പങ്കാളികളാവുക

## മവാഖ് കർമ്മ സാക്ഷാത്ക്കാരം

**നി**ർവൃതിയുടെ 19 സംവത്സരങ്ങൾ, 2001, ഒക്ടോബറിലെ തണുത്ത മധ്യാഹ്നത്തിലായിരുന്നു മണിയൂർ പഞ്ചായത്തിലെ ഏതാനും പേർ ഒത്തുചേർന്ന്, ആരവങ്ങളില്ലാത്ത– പക്ഷെ തികഞ്ഞ അവധാനതയോടെ ഒരു കൂട്ടായ്മയുടെ പ്രഖ്യാപനത്തിന് സാക്ഷിയായത്. ദോഹജദീദിലെ ശാന്തിനികേതൻ സ്കൂൾ ഹാളിൽ ഒത്തുകൂടി ഏതാനും പേർ. പ്രപഞ്ചനാഥനാണ് സർവ്വ സ്തുതിയും. അൽഹംദുലില്ലാഹ്. ഏതൊരു കൂട്ടായ്മയുടേയും ഉത്ഭവത്തിന് ഒരു നിമിത്തമുണ്ടാകും. സാഹചര്യങ്ങളുടേയും അടിസ്ഥാനാവശ്യങ്ങളുടേയും ഒരു തിടുക്കവുമുണ്ടാകും. അനിവാര്യമായി നിർവ്വഹിക്കേണ്ട നിയോഗമാണത്. സൃഷ്ടികളോട്, സൃഷ്ടി കർത്താവിന്റെ നിർവ്വഹണഭാഗമുള്ള ക്രമപ്പെടുത്തലിന്റെ ചുമതലപ്പെടുത്തലുമാണത്. സൃഷ്ടികൾക്ക് ഭൂലോകത്ത് നിർവ്വഹിക്കാൻ ചില ഉദ്യമമുള്ളത് പോലെ.... കഴിഞ്ഞ 19 വർഷങ്ങളിലായി ഏറ്റകുറച്ചിലുണ്ടെങ്കിലും അനിസ്യൂതമായി മവാഖ് അത് തുടർന്നുകൊണ്ടിരിക്കുന്നു.

ഈ കൂട്ടായ്മയുടെ സമ്പന്നത സാധാരണക്കാരായ തുടക്കകാരുടെ നിസ്വാർത്ഥത തന്നെയാണ്. നിഷ്കാമ കർമ്മികളായ, സ്വതസിദ്ധഭാഷിണികളായ സാധാരണക്കാർ. പക്ഷെ അവർ ചില നിയ്യത്ത് ഉറപ്പിച്ച് ദൃഢനിശ്ചയത്തോടെ ഒഴിവ് സമയത്തെ പരിവർത്തിതമാക്കി. അത് നന്മ മാത്രം വിളവെടുക്കുന്ന തണൽ മരമായി വളരുകയായയിരുന്നു. അതെ, *മവാഖ്* തണൽ നൽകിയത് അനേകായിരം അശരണർക്കായിരുന്നു. ചേർത്തുപിടിച്ചത്, ജിവിതസന്ധാരണവേളയിലെ തളർന്നിരുന്നവരേയായിരുന്നു. മണിയൂർ പഞ്ചായത്തിലെ മഹൽ ഭാരവാഹികളും മദ്രസാധ്യാപകന്മാരും അധികമാരും– ശ്രദ്ധിക്കപ്പെടാത്ത അശ്രാന്തപരിശ്രമികളായിട്ടും, അവർക്ക് പൊതു സ്വീകാര്യത നൽകി ആദരിച്ചും പരിപോഷിപ്പിച്ചും അങ്ങേയറ്റം പരിഗണന നൽകിയും സഹകരിപ്പിച്ചും കൂടെയും കൂട്ടത്തിലുമായി മവാഖ് അവരെ കൂട്ടി നടന്നു. തിരിഞ്ഞ് നോക്കുമ്പോൾ സംതൃപ്തമാണ് ഈ പ്രയാണം. അനേകായിരം പേരുടെ അകമഴിഞ്ഞ പ്രാർത്ഥനയും പ്രവർത്തകരുടെ ഉള്ളറിഞ്ഞ ചേർന്നിരിക്കലുമായിരുന്നു മവാഖിന്റെ കരുത്ത്. നമുക്ക് പഞ്ചായത്തിലെ എല്ലാ ഗ്രാമാന്തരങ്ങളിലും ഗുണപരമായ മാറ്റത്തിന് നിദാനമാകാൻ കഴിഞ്ഞു. ജിസിസിയിലെ ഞങ്ങളുടെ സഹോദരങ്ങളോടും നാട്ടിലെ ഞങ്ങളുടെ ഗുരുതുല്ല്യരായ സഹോദരി സഹോദരന്മാരോടും ഞങ്ങൾക്ക് പറയാനുള്ളത് നമുക്ക് ഒരുമിച്ച് ഒരൊറ്റ മനസ്സോടെ നാട്ടിന്റെ മുന്നേറ്റത്തിന് പരിശ്രമിക്കാമെന്നൊണ്. കൂടാതെ പ്രവാസത്തിന്റെ വർണ്ണം വിതറിയകാലത്തിനും മങ്ങലേറ്റകൊണ്ടിരിക്കുന്നു. തിരിച്ചുപോക്ക്, സമ്പുഷ്ടതയാർന്ന നാട്ടിലെ ജീവിത സാഹചര്യം ഒരുക്കാനും നമുക്ക് ഒരുമിച്ച് പരിശ്രമിക്കേണ്ടതുണ്ട്.

മവാഖ് 19 വർഷം കഴിയുമ്പോൾ, ഒരു തലമുറ കൂടി മാറിവരികായാണ്. അവർക്കിടയിൽ അപരിചിതത്വവും അന്യവത്ക്കരണവും സ്വാഭാവികവുമാണ്. അറിയലിലൂടേയും അറിയിപ്പിക്കലിലൂടേയും അതിനെ മവാഖ് അതിജീവിക്കേണ്ടതുണ്ട്. കഴിഞ്ഞുപോയ സാഹചര്യങ്ങളേയും മവാഖ് വരുത്തിയ ദീപ്തമായ അടയാളപ്പെടുത്തലുകളേയും നേർക്കുനേരെ പരിചിതമാക്കാൻ പുതു തലമുറ പരിശ്രമിച്ചാൽ മവാഖിനെ, നാട്ടിലും മണിയൂർ പ്രവാസികൾക്ക് മൊത്തമായും വിസ്മയം തീർക്കുന്ന കൂട്ടായ്മയായി വളർത്താൻ കഴിയുകതന്നെ ചെയ്യും. ഇൻഷാഅല്ലാഹ്... ശാക്തീകരണം എന്നത് പരിശ്രമങ്ങളുടെ തുടർച്ച അനിവാര്യമായ പ്രക്രിയ കൂടിയാണല്ലൊ. നിസ്വാർത്ഥതയോടെ നിതാന്ത പരിശ്രമത്തിന് മവാഖ് കൂടെയുണ്ടാവും. സത്യവിശ്വാസികൾക്ക് ഒരുവസരമായി, നിസ്വാർത്ഥർക്ക് പ്രചോദനമായി ... അള്ളാഹു ഖബൂൽ ചെയ്യട്ടെ, നമ്മുടെ നിയ്യത്തും തീരെ വാശിയില്ലാത്ത നിതാന്ത പരിശ്രമവും....

★★★

**മവാഖ് ജ. സെക്രട്ടറി**

## മവാഖ് എക്സലന്റ് അവാർഡ് വിതരണം









MAWAQ
MAniyurmuslim Welfare Association Qatar

ഒരു മവാഖ് പ്രസിദ്ധീകരണം

# മവാഖ്

ത്രൈമാസ ബുള്ളറ്റിൻ

DEC 2020

മർഹമ
MUTUAL HELPING PROGRAM
പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ
മർഹമയിൽ പങ്കാളികളാവുക

## ഞനറിയുന്ന മവാഖ്





**കെ. സുരേഷ്ബാബു,**
**മുൻ മണിയൂർ പഞ്ചായത്ത് പ്രസിഡണ്ട്**

**" അന്യജീവനുതകി**

**സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ "**

ഈ വരികൾ ജീവിതാദർശനമായി സ്വീകരിച്ച് പ്രവർത്തിക്കുന്ന ഒരു പറ്റം മനുഷ്യസ്നേഹികളുടെ കൂട്ടായ്മയാണ് **"മവാഖ് "**

വിദ്യാഭ്യാസം, ആരോഗ്യം. ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയാണ് ഇവരുടെ പ്രധാന പ്രവർത്തന മേഖലകൾ. വിദ്യാഭ്യാസത്തെ ക്കുറിച്ച് വലിയ സ്വപ്നങ്ങളെ ഇവർ ചേർത്ത് പിടിക്കുന്നുണ്ട്. LS S, USS പരിശീലനങ്ങൾ മുതൽ ഔപചാരിക വിദ്യാഭ്യാസ രംഗത്ത് മവാഖ് പതിവായി ഇടപെടുന്നുണ്ട്. ഇതു വഴി മികച്ച പ്രതിഭകളെ കണ്ടെത്തുകയും അവർക്ക് നിരന്തരമായ പഠന പിന്തുണ നല്കുകയുമാണ് ഇവർ ലക്ഷ്യമിടുന്നത്. ഇതിന് വലിയ തോതിലുള്ള ഫലമുണ്ടാകുന്നുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. സമീപകാലത്ത് മണിയൂർ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ LS S, USS റിസൾട്ടുകളിലുണ്ടായ വർദ്ധനയിലും, SSLC പ്ലസ് ടു റിസൾട്ടുകളിലുണ്ടായ മുന്നേറ്റങ്ങളിലുംഈ സഹായങ്ങളുടെ പങ്ക് അവഗണിക്കാനാവില്ല. ഇങ്ങനെ കണ്ടെത്തുന്ന പ്രതിഭകളുടെ ഒരു ഗ്രൂപ്പുണ്ടാക്കി അവരുടെ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കൂടി അക്കാദമിക് പിന്തുണ നല്കാൻ കഴിഞ്ഞാൽ അതൊരു വലിയ മുതൽക്കൂട്ടായി മാറും.

പൊതുജനാരോഗ്യ രംഗത്തും മവാഖിന്റെ ഇടപെടൽ ശ്രദ്ധേയമാണ്. ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ടുന്ന ഒന്നായിരുന്നു കാൻസർ രോഗനിർണയവുമായി നടത്തിയ പ്രവർത്തനങ്ങൾ. മണിയൂർ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലും ഒരേ സമയത്ത് സംഘടിപ്പിച്ച ഈ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നല്കി ജനകീയമായി നടത്തിയ രോഗ നിർണയ പരിപാടികൾ ജനകീയാസൂത്രണ പരിപാടിയുടെ മാതൃകയിലായിരുന്നു സംഘടിപ്പിച്ചത്. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ കാൻസർ രോഗികൾ മണിയൂർ ഗ്രാമപഞ്ചായത്തിലാണ് എന്ന പ്രചാരണത്തിന്റെ പശ്ചാത്തലത്തിലായിരുന്നു (ഇത് ആധികാരികമായ അഭിപ്രായമൊന്നുമല്ല) ഈ ഇടപെടൽ. അതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധരായ ആരോഗ്യ പ്രവർത്തകരുടെയും, സാങ്കേതിക സഹായങ്ങളുടെയും സേവനങ്ങൾ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുന്നും, രോഗം സ്ഥിരീകരിച്ചവർക്ക് ആവശ്യമായ തുടർസഹായം നല്കാനും മവാഖിന് കഴിഞ്ഞിട്ടുണ്ട്. വലിയ സാമ്പത്തിക ബാധ്യതയുള്ള പ്രവർത്തനമായിരുന്നു ഇത്. അന്നത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് എന്ന നിലയിൽ ഈ പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളിയാകാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. ഈ പ്രവർത്തനം ഗ്രാമ പഞ്ചായത്തിന്റെ യശസ്സും വർദ്ധിപ്പിച്ചു.മവാഖിന്റെ ഈ പ്രവർത്തനങ്ങളും, അതിന് നല്കിയ സാമ്പത്തിക പിന്തുണയുമെല്ലാം ഈ അവസരത്തിൽ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ഈ കൂട്ടായ്മ സംഘടിപ്പിച്ച പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്. നമ്മുടെ ഹൈസ്കൂൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലടക്കം ലഹരിയുടെ പിടിമുറുക്കം ശക്തമായ സാഹചര്യത്തിലായിരുന്നു ഈ രംഗത്തെ മവാഖിന്റെ ഇടപെടൽ.

ചുരുക്കത്തിൽ സന്നദ്ധ പ്രവർത്തനങ്ങളിൽ മണിയൂരിന്റെ ഭൂപടത്തിൽ ഒരു പ്രകാശഗോപുരമായി വർത്തിക്കുന്ന മവാഖിന് ഈ രംഗത്ത് ഇനിയും ഏറെ മുന്നേറാൻ കഴിയട്ടെ. അതോടൊപ്പം ഇവരുടെ പ്രവർത്തനങ്ങളെ ആവോളം പിന്തുണയ്ക്കാൻ നമ്മുടെ പൗരസമൂഹത്തിന് കഴിഞ്ഞിട്ടുണ്ടോ എന്ന ആത്മപരിശോധനയും നാം നടത്തേണ്ടതുണ്ട്. ഇതുപോലുള്ള സന്നദ്ധ പ്രവർത്തകരുടെ സഹായം ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തിയാൽ അതുകൊണ്ടുണ്ടാകുന്ന നേട്ടം നമ്മുടെ പഞ്ചായത്തിന്റെ വികസന രംഗത്ത് വളരെ വലുതായിരിക്കും.

## മവാഖിന്റെ ഭൂമിക

**ഒ**രു പൂ വിരിയുമ്പോൾ ഒരു പൂവ് മാത്രമല്ല വിരിയുന്നത് വിരുന്നു വരാനിരിക്കുന്ന ഒരായിരം പൂക്കാലങ്ങളുടെ തുടക്കവുമാണ്. പത്തൊൻപത്, വർഷങ്ങൾക്ക് മുമ്പ് ഖത്തറിന്റെ സ്നേഹ മനസ്സിൽ ആദിയും ആരംഭവും കുറിച്ച "മവാഖ് " യാത്ര തുടരുകയാണ്. ആത്മാർത്ഥ മായ ഒരു പ്രാർത്ഥന പോലെ അഗതികളുടെയും അശരണരുടെയും അർഹതയുള്ളവരുടെയും മനസ്സുകളിലെക്കുള്ള ഈ തീർത്ഥയാത്ര നിർവിഘ്നം തുടരട്ടെ ......നാല് പതിറ്റാണ്ടുകൾ താണ്ടിയ എന്റെ പ്രവാസ ജീവിതത്തിലെ അനുഗ്രഹനിമിഷങ്ങളിൽ അധികവും 'മവാഖ് 'എന്ന മൂന്നക്ഷരത്തോട് ചേർന്നു നിൽക്കുന്നവയാണ്. സ്നേഹ സേവന സാന്ത്വന പ്രവർത്തനങ്ങളിലൂടെ പ്രാർത്ഥനാ ഭൂമികയിലെക്ക് മവാഖിന് ഒപ്പം നടന്ന പ്രിയപ്പെട്ടവരിൽ ചിലർ പടച്ചവനിലേക്ക് തിരിച്ചുപോയി. സർവ്വേശ്വരൻ സ്വർഗത്താൽ അനുഗ്രഹിക്കട്ടെ ഞാനുൾപ്പെടെയുള്ള പലരും പ്രവാസത്തോട് വിട പറഞ്ഞു. മണിയൂരിന്റെ മഹോന്നതിക്കായി പ്രവർത്തിക്കാൻ മനസ്സും വജസ്സും കർമവുമായി പുതുതലമുറ മവാഖെന്ന സ്നേഹ സന്ദേശത്തെ നെഞ്ചോട് ചേർത്തു നില്ക്കുന്ന കാഴ്ച അഭിമാന നിർഭരമാണ്.

**അമ്മത് കെ.പി ഭൂട്ടോ** – മവാഖ് പ്രഥമ പ്രസിഡണ്ട്

'മണിയൂർ പഞ്ചായത്ത് മുസ്ലിം വെൽഫയർ അസോസിയേഷ'ന്റെ ആദ്യ അദ്ധ്യക്ഷനെന്ന നിലയിൽ എന്നോട് സ്നേഹവും സഹകരണവും കാണിച്ച പ്രിയപ്പെട്ടവരെയെല്ലാം ഞാൻ ഈ നിമിഷത്തിൽ ഓർമിക്കുന്നു. നന്മയുടെ നല്ല വഴികളിൽ നല്ല മനസ്സോടെ നടന്നു നീങ്ങാൻ കഴിഞ്ഞ ഓരോ നിമിഷവും ദൈവത്തിന്റെ അമൂല്യ സമ്മാനങ്ങളായി നന്ദിപൂർവം തിരിച്ചറിയുന്നു. മവാഖിന് വഴിദൂരങ്ങൾ അനേകം താണ്ടാൻ ഇനിയും ബാക്കിയുണ്ട്. സഹായം സാന്ത്വനം, സഹകരണം, സാമൂഹ്യ നന്മ, സമത്വം, സാഹോദര്യം, വിദ്യാഭ്യാസം, വികസനം, കല, കായികം, സാഹിത്യ സാംസ്കാരിക വിതാനങ്ങളിലൊക്കെയും ചെയ്തതിനേക്കാൾ ഏറെ ചെയ്യാൻ ബാക്കിയുണ്ട് നിരന്തരവും നിഷ്കളങ്കവുമായ മനുഷ്യ നന്മകളുടെ മറുവാക്കായി മവാഖ് നിലനില്ക്കും...... കാലമില്ലാതാകുന്ന കാലത്തോളം കടലിനപ്പുറത്തുള്ള കാരുണ്യവും കരളുരുകുന്നവരുടെ മറു പ്രാർത്ഥനയുമായി മവാഖ് എന്നും എന്നെന്നും സ്വീകരിക്കപ്പെടട്ടെ.

MAWAQ
MAniyurmuslim Welfare Association Qatar

ഒരു മവാഖ് പ്രസിദ്ധീകരണം

# മവാഖ്

ത്രൈമാസ ബുള്ളറ്റിൻ

DEC 2020

മർഹമ
MUTUAL HELPING PROGRAM

പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ

മർഹമയിൽ പങ്കാളികളാവുക

## ഓൺലൈൻ പരിശീലനത്തിലെ കുരുന്നനുഭവങ്ങൾ



**അബ്ദുറഹിമാൻ മാസ്റ്റർ. ടി–മവാഖ് സെന്റർ**

**ലോ**കമാകെ പടർന്നു പിടിച്ച മഹാമാരി ആയ കോവിഡ് 19 കഴിഞ്ഞ പത്ത് മാസങ്ങളായി നമ്മളെ എല്ലാവരെയും പ്രതികൂലമായി ബാധിച്ച ഒരു കാലഘട്ടത്തിലാണ് നാം നിൽക്കുന്നത്. നമുക്ക് വിദ്യാഭ്യാസരംഗത്ത് ഒരുപാട് മാറ്റങ്ങൾ ഉണ്ടായ ഒരു കാലഘട്ടം കൂടിയാണിത്. പകച്ചു നിന്നുപോയി എല്ലാവരും. കുട്ടികളെ സ്കൂളിലേക്ക് എങ്ങനെ കൊണ്ടുവരും. പുറത്തിറങ്ങിയാൽ അസുഖം വരും എന്ന രീതിയിൽ നിൽക്കുന്ന അവസരത്തിൽ വിക്ടേഴ്സ് ചാനലിൽ പൊതു വിദ്യാഭ്യാസ രംഗത്തെ ക്ലാസ്സുകൾ ആരംഭിച്ചു. അതിനുശേഷമാണ് "മവാഖിൻറെ പ്രവർത്തകർ" നമുക്ക് എന്തുകൊണ്ട് ഓൺലൈൻ വിദ്യാഭ്യാസം ആരംഭിച്ചു കൂടാ എന്ന് ആലോചിച്ചത്. അങ്ങനെ നമ്മൾ ഓൺലൈൻ വീഡിയോ ക്ലാസ്സ് തന്നെ തുടങ്ങാം എന്ന് തീരുമാനിക്കുകയും ചെയ്തു. ആദ്യമായി നമ്മൾ എൻ എം എം എസ് ക്ലാസ് (എട്ടാം ക്ലാസ് കുട്ടികൾക്ക് വേണ്ടിയുള്ളത് )തുടങ്ങാൻ തീരുമാനമെടുത്തു. ഇതിൻറെ മുന്നോടിയായി എല്ലാവർക്കും അറിയിപ്പ് കൊടുക്കുകയും രക്ഷിതാക്കളെ കാര്യങ്ങൾ അറിയിക്കുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തു. അങ്ങനെ അൽഹംദുലില്ലാ ആദ്യം പത്തിരുപത് കുട്ടികൾ മാത്രം ഉണ്ടായിരുന്നത് പുറത്തുള്ള കുട്ടികൾ വന്നതോടെ അഡ്മിഷൻ 50 നു മുകളിലെത്തി. ഒക്ടോബർ മാസം പകുതിയോടെ ക്ലാസ്സുകൾ ആരംഭിച്ചു. ക്ലാസ് ആരംഭിച്ചത് കേട്ടറിഞ്ഞു പല കുട്ടികളും ഇതിലേക്ക് വരികയും നമ്മുടെ അഡ്മിഷൻ അറുപതിലേറെ എത്തുകയും ചെയ്തു. രണ്ടു ദിവസങ്ങളിലായി നാല് മണിക്കൂർ ക്ലാസ് ഓരോ ആഴ്ചയിലും കൃത്യമായി കൊടുക്കുകയും രക്ഷിതാക്കളുടെ മീറ്റിങ്ങ് കൃത്യമായി നടത്തുകയും അവരെ ബോധവൽക്കരിക്കുകയും ഒക്കെ ചെയ്തുകൊണ്ടാണ് ഈ പ്രവർത്തനം മുന്നോട്ടു പോയത്. രക്ഷിതാക്കളും കുട്ടികളും വളരെ താൽപര്യത്തോടും സന്തോഷത്തോടു കൂടിയാണ് ഈ ക്ലാസിൽ പങ്കെടുക്കുന്നത്. നമ്മുടെ ക്ലാസ്സ് സമയം പുലർച്ചെ 5:30 മണി മുതൽ 7:30 മണി വരെയാണ്. നമുക്ക് രക്ഷിതാക്കളിൽ നിന്ന് നല്ല പിന്തുണയാണ് കിട്ടുന്നത്. ഓൺലൈൻ വിദ്യാഭ്യാസം ആയതുകൊണ്ടുതന്നെ രക്ഷിതാക്കളും കുട്ടികളും ആയി നേരിട്ട് കാണാതെ ഇത്രയും കുട്ടികളെ സംഘടിപ്പിക്കുകയും കൃത്യമായ രീതിയിൽ പരാതി വരാതെ അവർക്ക് ക്ലാസ് കൊടുക്കാൻ സാധിക്കുകയും ചെയ്യുതിൽ ഏറെ അഭിമാനമുണ്ട്. ക്ലാസും പരീക്ഷയും വിലയിരുത്തലുകളും ഓൺലൈനായി കൊടുക്കാൻ സാധിക്കുക എന്നത് ചെറിയ കാര്യമല്ല. ഇതുവരെ ഈ പറയുന്ന 60 കുട്ടികളിൽ ഒരു കുട്ടിയെ പോലും കാണാത്തവരാണ് ഞങ്ങൾ. പക്ഷേ അവരുമായി ഹൃദ്യമായ ബന്ധം ഉണ്ടാക്കിയെടുക്കുവാൻ മവാഖ് പരിശീലന ടീമിന് കഴിഞ്ഞിട്ടുണ്ട്.



2019 നവംബർ മാസം ഒന്നാം തീയതി മുതൽ യു എസ് എസ് ക്ലാസ് ആരംഭിക്കാൻ നമുക്ക് കഴിഞ്ഞു. രക്ഷിതാക്കളുടെ മീറ്റിംഗ് വിളിക്കുകയും പ്രഗത്ഭരായ അധ്യാപകരെ സജ്ജരാക്കുകയും ചെയ്തു. യുഎസ് എസ് കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമായി വന്നതുകൊണ്ടുതന്നെ 10 കുട്ടികളെ വീതം ഗ്രൂപ്പ് ആക്കുകയും രക്ഷിതാക്കളിൽ നിന്ന് തന്നെയുള്ള അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് (മെൻറർമാരെ നിശ്ചയിച്ച് കൊണ്ട് ) ഗ്രൂപ്പിന്റെ ചുമതല കൊടുക്കുകയും ചെയ്തു.

ഇവർ പരസ്പരം ആശയവിനിമയവും നിർദേശ–ഉപദേശങ്ങളും നൽകുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇവർ നമ്മളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം വളരെ വലുതാണ്.
നമ്മൾ കഴിഞ്ഞ വർഷം വരെ ക്ലാസ് ഈ മെൻററർമാർ ഇപ്പോൾ മവാഖിൻറെ ഭാഗമാണ്. നടത്തിക്കൊണ്ടിരുന്നത് മണിയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് മാത്രമായിരുന്നു.
ഈ വർഷം നമുക്ക് അത് പഞ്ചായത്തിന് പുറത്തേക്ക് വ്യാപിപ്പിക്കാൻ സാധിച്ചു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മവാഖിൻറെ അടയാളപ്പെടുത്തലുകൾ മണിയൂരിന് പുറത്തുള്ള വിദ്യാഭ്യാസ രംഗത്തും എത്തിക്കാൻ ഇതുവഴി സാധിച്ചു. ഓൺലൈനായി കുട്ടികൾക്ക് കോച്ചിങ് കൊടുക്കുക എന്ന ഒരു രീതി നമ്മൾ ആരംഭിച്ചു കഴിഞ്ഞാൽ അത് പരാജയപ്പെടുകയില്ല എന്നതിന് ഏറ്റവും വലിയ ഒരു ലക്ഷണമാണ് ഇതിലൂടെ കാണാൻ കഴിയുന്നത്. ഓൺലൈൻ വിദ്യാഭ്യാസത്തിന് ഒരുപാട് നല്ല വശങ്ങളുണ്ട്. ചില ദോഷവശങ്ങളും. നേരിട്ട് കുട്ടികൾക്ക് ക്ലാസ് കേൾക്കാൻ കഴിയാത്ത ഒരു പ്രയാസം ആണ് ഉള്ളത്. **ഗുരുമുഖത്തുനിന്ന് പഠിക്കുക** എന്ന വിദ്യാഭ്യാസ രീതി കുട്ടികൾക്ക് ലഭ്യമാകുന്നില്ല. പക്ഷേ നമ്മളെ സംബന്ധിച്ചിടത്തോളം ഈ വൻ പകർച്ച വ്യാധി ലോകം മുഴുവൻ പടർന്നു പിടിക്കുന്ന സമയത്ത് ഇതല്ലാതെ വേറെ പോംവഴിയില്ല. വിദ്യാഭ്യാസത്തിൻറെ സാധ്യതകൾ വളരെ കൂടികൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് ഇപ്പോൾ നാം കടന്നു പോയിക്കൊണ്ടിരിക്കുന്നത്. മണിയൂർ പോലെയുള്ള യാത്രാ സൗകര്യം ഇല്ലാത്ത ഒരു സ്ഥലത്ത് സ്വന്തം വാഹനം ഇല്ലാത്ത കുട്ടികളെ എത്തിക്കാൻ വലിയ വലിയ പ്രയാസമായിരിക്കും. ഈ പ്രയാസം ഇല്ലാതാവുകയാണ് ഓൺലൈൻ വിദ്യാഭ്യാസത്തിലൂടെ നടക്കുന്നത്. ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള പ്രധാന സൗകര്യം എന്താണെന്ന് പറഞ്ഞാൽ രക്ഷിതാക്കൾക്ക് കൂടി പഠനത്തിൽ പങ്കാളിയാവാൻ കഴിയുന്നു എന്നതാണ്. ഓൺലൈനായി ധാരാളം ക്ലാസുകൾ ഇനിയും നമുക്ക് നടത്താൻ സാധിക്കും എന്ന് തന്നെയാണ് വിശ്വാസം. അതിനായി നമുക്ക് പ്രത്യേകിച്ച് വിഭവങ്ങൾ ഒന്നും ആവശ്യമില്ല. നല്ല അദ്ധ്യാപകരെ നല്ല പ്രതിഫലം കൊടുത്തു കൊണ്ട് നമ്മുടെ കൂടെ നിർത്താൻ കഴിഞ്ഞാൽ വൻവിജയമായി മാറും എന്ന് തന്നെയാണ് പ്രതീക്ഷ. ഇതിനെ നാം കാണേണ്ടത് ഇത്തരം കോഴ്സുകളിൽ കുട്ടികൾ പങ്കെടുക്കുന്ന തോടുകൂടി അവരുടെ വിജ്ഞാനം വർദ്ധിക്കുകയും അവർക്ക് കൂടുതൽ മത്സര പരീക്ഷകളിലും മറ്റും പങ്കെടുക്കാനുള്ള യോഗ്യത ഉണ്ടാവുകയും ചെയ്യുക എന്നതാണ്. നിർഭാഗ്യവശാൽ നമ്മുടെ കുട്ടികളുടെ പങ്കാളിത്തം ഇത്തരം കോഴ്സുകളിൽ താരതമ്യേന കുറവാണ്. നമ്മൾ ഇതിൻറെ ഗൗരവം ഇപ്പോഴും ഉൾക്കൊണ്ടിട്ടില്ല. നമുക്ക് ചെയ്യാൻ കഴിയുന്നത് ഇത്തരം ക്ലാസുകളെ കുറിച്ചും ഇത്തരം ക്ലാസുകളിൽ കുട്ടികൾ ചേർന്നാലുള്ള ഗുണങ്ങളെ കുറിച്ചും ഒരു അവബോധം സൃഷ്ടിക്കുക എന്നതാണ്. മഹല്ല് തലത്തിലുള്ള ശാക്തീകരണം കൊണ്ട് മാത്രമേ നമ്മുടെ കുട്ടികളെ ഇത്തരം കോഴ്സുകളിലും പരിശീലനങ്ങളിലും പരീക്ഷകളിലും പങ്കെടുപ്പിക്കാൻ കഴിയൂ. അതിന് എല്ലാ മഹല്ലുകളിലും ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സമിതികൾ പുനരുജ്ജീവിപ്പിക്കുകയും അത്തരം സമിതികൾ ഇത്തരം കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നത് നല്ലതായിരിക്കും. വിദ്യാഭ്യാസ സമിതികളുടെ ദൗത്യം വളരെ വലുതാണ് അവരിലൂടെ മാത്രമേ നമുക്ക് ഈ കാര്യങ്ങൾ എത്തിച്ചു കൊടുക്കാൻ കഴിയുകയുള്ളൂ. രക്ഷിതാവിനെ സംബന്ധിച്ചിടത്തോളം അവരെ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കി ഇതിൻറെ ആവശ്യകതാ ബോധം അവരിൽ ഉണ്ടാക്കിയെടുക്കേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയാണ്.

MAWAQ

DEC 2020

ഒരു മവാഖ് പ്രസിദ്ധീകരണം

# മവാഖ്

ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM

പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ

മർഹമയിൽ പങ്കാളികളാവുക





## ചാച്ചാജി ദിനം ആഘോഷിച്ചു.


2020 ലെ ശിശുദിനം മണിയൂരിലെ സ്ക്രൂൾ കുട്ടികളുടെ കൂടെ മവാഖ് ഉചിതമായി ആഘോഷിച്ചു. നൂറിൽപരം കുട്ടികൾ പങ്കെടുത്ത 'കുട്ടികളുടെ സ്വന്തം ചാച്ചാജി' എന്ന ശീർഷകത്തിൽ പ്രസംഗമത്സരം സംഘടിപ്പിച്ചു. എൽപി, യുപി വിഭാഗത്തിൽ നടന്ന മത്സരത്തിൽ സ്കൂൾ അധ്യാപകന്മാരും രക്ഷിതാക്കളും ആവേശ ത്തോടെ മവാഖ് സംഘടിപ്പിച്ച പരിപാടിയിൽ സംബന്ധിച്ചു. മവാഖ് പിആർ ടീം അവരുമായൊക്കെ സമയബന്ധിതമായ ഇടപെടലിലൂടെ നവമ്പർ 27 ന് നടന്ന പരിപാടിയും വളരെ വിജയകരമാക്കാൻ കഴിഞ്ഞു. സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് സത്യനാഥൻ മാസ്റ്റർ, പ്രൊഫ. വീരാൻ കുട്ടി, ഡോ. ശരണ്യ എന്നിവർ സമാപന പരിപാടിയിൽ സംബന്ധിച്ചു. പ്രസംഗ മത്സരത്തിൽ വിജയികളായ വരേയും അതിഥികൾ പ്രഖ്യാപിച്ചു.













### പ്രസംഗ മത്സരത്തിൽ പങ്കെടുത്തവരിൽ ചില മിടുക്കർ



മുഹമ്മദ് റിഷാൽ



മുഐമിൻ



ഷിഫ ഫാത്തിമ



ഭഗത്



ഫാത്തിമ മിൻഹ



സുമോദ്